# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 21 | 2018 |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### സന്നിധാനത്ത് മുറികൾ ഓൺലൈനായി ബുക്ക് ചെയ്യാം

തീർഥാടകർക്ക് ഓൺലൈനായി സന്നിധാനത്ത് മുറികൾ ബുക്കുചെയ്യാം. 15 ദിവസം മുന്നേയുള്ള അഡ്വാൻസ് ബുക്കിംഗ് സൗകര്യമാണ് ഓൺലൈനിൽ ദേവസ്വംബോർഡ് ഒരുക്കിയിട്ടുള്ളത്. ീഹശിലറേയ.രീ എന്ന പോർട്ടൽ മുഖേന ഓൺലൈൻ ബുക്കിംഗ് നടത്താം.

സന്നിധാനത്തെ അക്കോമഡേഷൻ കൗ ർ വഴി നേരിട്ടുള്ള ബുക്കിംഗ് എല്ലാ ദിവസവും വൈകീട്ട് അഞ്ചിന് തുടങ്ങും. അതത് ദിവസത്തേയ്ക്കുള്ള ബുക്കിംഗ് സേവനമാണ് അക്കോമഡേഷൻ കൗ ർ വഴി ലഭ്യമാകുക. ഇവിടെ അഡ്വാൻസ് ബുക്കിംഗിന് സൗകര്യമില്ല. 12 മണിക്കൂറേയ്ക്കും 16 മണിക്കൂറേയ്ക്കും ഇങ്ങനെ മുറികൾ ബുക്ക് ചെയ്യാം. ശുചിമുറി ഉൾപ്പടെയുള്ള സൗകര്യങ്ങൾ ലഭ്യമാകും. ആകെയുള്ള അഞ്ഞൂറോളം മുറികളിൽ 104 എണ്ണമാണ് ഓൺലൈൻ ബുക്കിംഗിന് നീക്കിവച്ചിട്ടുള്ളത്. ബാക്കിയുള്ള 400ഓളം മുറികളിലേയ്ക്ക് നേരിട്ടുള്ള ബുക്കിംഗ് നടക്കും. ഫോൺ: 04735 –202049.

(പി.ആർ. ശബരി-72)

### ഭക്തർക്ക് നിസ്വാർഥ സേവനവുമായി അയ്യപ്പ സേവാസംഘം

ശബരിമല സന്നിധാനത്ത് എത്തുന്ന തീർഥാടകർക്ക് നിസ്വാർഥ സേവനവുമായി അഖില ഭാരത അയ്യപ്പ സേവാ സംഘം. അയ്യപ്പന്മാരെ അടിയന്തിര സാഹചര്യങ്ങളിൽ സ്ട്രെച്ചറിൽ ആശുപത്രിയിൽ എത്തിക്കുക, സൗജന്യമായി ഭക്ഷണവും ഔഷധ കുടിവെള്ളവും നൽകുക, സന്നിധാനവും പരിസരവും വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയ വിവിധ സേവനങ്ങളാണ് അയ്യപ്പ സേവാസംഘം നൽകി വരുന്നത്. ശബരിമലയിൽ എത്തുന്ന ഭക്തർക്ക് അവശ്യ സേവനങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെ 1945-ൽ തിരുവനന്തപുരം സ്വദേശിയായ ഡോക്ടർ വേലായുധൻ പിള്ള യാണ് അയ്യപ്പസേവാസംഘത്തിന് തുടക്കമിട്ടത്.

അയ്യപ്പ സേവാ സംഘത്തിന്റെ എമർജൻസി സ്ട്രെച്ചർ സർവീസാണ് നിസ്വാർഥ സേവനങ്ങളിൽ ഏറ്റവും പ്രധാനം. സന്നിധാനം, നീലിമല, അപ്പാച്ചിമേട്, ശരംകുത്തി, ചരൽമേട്, മരക്കൂട്ടം എന്നിവിടങ്ങളിൽ സ്ട്രെച്ചർ സർവീസുമായി അയ്യപ്പ

സേവാ സംഘത്തിന്റെ സന്നദ്ധ സേവകർ 24 മണിക്കൂറും സജ്ജരാണ്. കഴിഞ്ഞ ദിവസം മല കയറുന്നതിനിടയിൽ മരണപ്പെട്ട അയ്യപ്പ ഭക്തയെ സ്ട്രെച്ചറിൽ ഹോസ്പിറ്റലിൽ എത്തിച്ചതും മൃതദേഹം പമ്പയിൽ എത്തിച്ചതും അയ്യപ്പ സേവാ സംഘം പ്രവർത്തകരായിരുന്നു. 250ൽ അധികം അയ്യപ്പ സേവാ സംഘം സന്നദ്ധ പ്രവർത്തകർ മണ്ഡലകാലത്തോട് അനുബന്ധിച്ച് ശബരിമലയിൽ സേവനം അനുഷ്ഠിക്കുന്നതായി അയ്യപ്പ സേവസംഘം വൈസ് പ്രസിഡന്റ് പി.ബാലൻ പറഞ്ഞു.

സൗജന്യ അന്നദാനമാണ് അയ്യപ്പ സേവാസംഘത്തിന്റെ സന്നിധാനത്തെ മറ്റൊരു പ്രധാന സേവനം. രാവിലെ ഏഴു മുതൽ രാത്രി 11 വരെ ഉപ്പുമാവ്, പൊങ്കൽ, സാമ്പാർ, ചട്ണി എന്നിവ പ്രഭാതഭക്ഷണമായി നൽകുന്നു. ഒരു മണിമുതൽ മൂന്നു മണിവരെയുള്ള ഉച്ചയൂണിന് ചോറും, സാമ്പാറും, രസവും, കൂട്ടുകറിയും വിളമ്പുന്നു. വൈകിട്ട് 6.30 മുതൽ രാത്രി 11 വരെ ഉപ്പുമാവോ, കഞ്ഞിയോ രാത്രി ഭക്ഷണമായി നൽകുന്നു ്.

പമ്പ മുതൽ സന്നിധാനം വരെയുള്ള ആരോഗ്യവകുപ്പിന്റെ ഓക്സിജൻ പാർലറുകളിലും അയ്യപ്പസേവാ സംഘത്തിന്റെ സന്നദ്ധപ്രവർത്തകർ സേവനം അനുഷ്ഠിക്കുന്നു ്. ഒരു ഓക്സിജൻ പാർലറിൽ അയ്യപ്പസേവാസംഘത്തിന്റെ ര ു സന്നദ്ധ പ്രവർത്തകരാണ് ഉ ാവുക. ശബരിമലയും പരിസര പ്രദേശവും വൃത്തിയാക്കുന്ന പുണ്യംപൂങ്കാവനം പദ്ധതിയിലും അയ്യപ്പ സേവസംഘത്തിന്റെ സന്നദ്ധപ്രവർത്തകർ പങ്കാളികളാണ്.

(പി.ആർ. ശബരി-73)

## പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സജീവം

ശബരിമല സന്നിധാനത്ത് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. ഭക്ഷണ വിൽപ്പന-വിതരണ കേന്ദ്രങ്ങളിൽ ശുചിത്വ പരിശോധന നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകി. ഭക്ഷണ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന മുഴുവൻ പേരും ഹെൽത്ത് കാർഡ് എടുത്തിരിക്കണമെന്ന് നിർദേശം നൽകിയിട്ടു ്.

അതിഥി തൊഴിലാളികളുടെ ആരോഗ്യരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി എലിപ്പനി പ്രതിരോധത്തിനായുള്ള ഡോക്സിസൈക്ലിൻ ഗുളികകൾ വിശുദ്ധി സേനാംഗങ്ങൾക്ക് വിതരണം ചെയ്തു. മലമ്പനി, മന്ത് രോഗനിർണയത്തിന്റെ ഭാഗമായി 26 പേരുടെ രക്ത സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി ലാബിലേക്ക് അയച്ചു.

അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ. സന്തോഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ സി.സി. ജയൻ, ലിജുമോൻ ജേക്കബ് എന്നിവരുടെ നേതൃത്വത്തിലാണ് സന്നിധാനത്ത് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നത്.

(പി.ആർ. ശബരി-74)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 21 | 2018 |
| --- | --- |



ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

## *ഭക്തജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുമില്ല: മേൽശാന്തി*

*ശബരിമല: അയ്യപ്പദർശനത്തിനായി സന്നിധാനത്തെത്തുന്ന ഭക്തജനങ്ങൾക്ക് ഒരുവിധത്തിലുമുള്ള ബുദ്ധിമുട്ടുമില്ലെന്ന് ശബരിമല മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരി പറഞ്ഞു.*
*ക്ഷേത്രത്തിൽ പൂജാദി കർമ്മങ്ങളും അഭിഷേകാദി കാര്യങ്ങളും ഭംഗിയായി നടക്കുന്നുണ്ട്.*
*ക്ഷേത്രദർശനമാഗ്രഹിക്കുന്ന വിശ്വാസികൾ യാതൊരു കാരണവശാലും ഭയപ്പെടേണ്ടതില്ലന്നും മേൽശാന്തി പറഞ്ഞു.*

*(പി.ആർ. ശബരി–75)*

## *വന്യമൃഗങ്ങളിൽ നിന്നും ശബരിമല തീർത്ഥാടകരെ സംരക്ഷിക്കാൻ 24 മണിക്കൂറും കർമ്മസന്നദ്ധരായി വനപാലകർ*

*ശബരിമല : അയ്യപ്പ സന്നിധിയിലേക്കെത്തുന്ന തീർത്ഥാടകരെ ആനയും പാമ്പും ഉൾപ്പടെയുള്ള വന്യജീവികളിൽ നിന്നും സംരക്ഷിക്കാൻ 24 മണിക്കൂറും സേവന സന്നദ്ധരായി വനപാലകരുണ്ടാകും.സന്നിധാനത്തും പമ്പയിലും ആരംഭിച്ച വനംവകുപ്പിന്റെ കൺട്രോൾ റൂമുകളിൽ ഈ സേവനം ലഭ്യമാകും. സഹായം ആവശ്യമുള്ള തീർത്ഥാടകർക്ക് പമ്പയിലെയോ(04735 203492) സന്നിധാനത്തെയോ(04735202077) കൺട്രോൾ റൂമുകളുമായി ബന്ധപ്പെടാം.*

*കാനന പാത വഴി ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് വഴിതെറ്റിയാലും ഈ നമ്പറിൽ ബന്ധപ്പെട്ടാൽ സഹായത്തിനു ആളെത്തും. പമ്പയിലും സന്നിധാനത്തും നിയമിച്ചിട്ടുള്ള എലിഫന്റ് സ്ക്വാഡിനെയും പാമ്പു പിടുത്തത്തിൽ പ്രാവീണ്യം നേടിയവരെയും കൂടാതെ കൺട്രോൾ റൂമുകളിൽ 17 വനംവകുപ്പ് ഉദ്യോഗസ്ഥരെ വീതവും നിയമിച്ചിട്ടുണ്ട്.*

*പുല്ലുമേട്, സന്നിധാനം, പമ്പ/നിലക്കൽ, പ്ലാപ്പള്ളി, ളാഹ എന്നിവിടങ്ങളിൽ എലിഫന്റ് സ്ക്വാഡിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കാനനപാതയിലൂടെയുള്ള ഭക്തജനപ്രവാഹം കൂടുന്നതനുസരിച്ചു അഴുതക്കടവ്, വലിയാനവട്ടം എന്നിവിടങ്ങളിലും സ്ക്വാഡിന്റെ പ്രവർത്തനം ആരംഭിക്കും. അവശ്യഘട്ടത്തിൽ മയക്കുവെടി വെക്കാനുൾപ്പടെയുള്ള സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിന്നും പിടികൂടുന്ന പാമ്പുകളെ ഉൾവനത്തിൽ തുറന്നു വിടുമെന്ന് അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ അബ്ദുൽ ഫത്താ പറഞ്ഞു.*

*ഇതുകൂടാതെ തീർഥാടകരെ സഹായിക്കാൻ വനമേഖലയിൽ പലയിടങ്ങളിലായി 28 ജീവനക്കാരേയും വനംവകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സെൻ ആന്റണിയുടെ നേതൃത്വത്തിൽ പമ്പയിൽ റേഞ്ച് ഓഫിസർ സുനിൽ മാത്യുവും സന്നിധാനത്തു റേഞ്ച് ഓഫിസർ അരവിന്ദ് ബാലകൃഷ്ണനും കണ്ട്രോൾ റൂമുകളുടെ പ്രവർത്തനം ഏകോപിപ്പിക്കും. കൺട്രോൾ റൂമിൽ സന്ദേശം ലഭിച്ചാലുടൻ സ്ഥലത്തു എത്തുന്ന തരത്തിലാണ് സ്ക്വാഡുകളുടെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ ഉരുക്കുഴി, പാണ്ടിത്താവളം,കുന്നാർ ഡാം ഉൾപ്പടെയുള്ള മേഖലകളിലും സ്ക്വാഡുകളുടെ പെട്രോളിങ് ഉണ്ടാകും.*

*(പി.ആർ. ശബരി–76)*

## <u>*പമ്പയിൽ 24 മണിക്കൂറും ഇരുമുടിക്കെട്ട് നിറയ്ക്കാൻ സൗകര്യം*</u>

*ശബരിമല: ഇരുമുടിക്കെട്ടില്ലാതെ വരുന്നവർക്ക് കെട്ട്നിറയ്ക്കാനുള്ള സൗകര്യം ദേവസ്വംബോർഡ് പമ്പയിൽ ഒരുക്കി. പമ്പാ ഗണപതി ക്ഷേത്രത്തിന് സമീപം 24 മണിക്കൂറും ഈ സൗകര്യമുണ്ടാകും. ക്ഷേത്രത്തിന് സമീപമുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ 250 രൂപ അടച്ച് ക്ഷേത്രത്തിന്  പിറകുവശമുള്ള കെട്ടുനിറ മണ്ഡപത്തിൽ രസീത് കാണിക്കണം. അവിടെ പമ്പാ മേൽശാന്തിയോ സഹശാന്തിമാരോ ഇരുമുടി നിറക്കും. ഒന്നിൽക്കൂടുതൽ നെയ്ത്തേങ്ങ നിറയ്ക്കണമെന്നുള്ളവർക്ക് തേങ്ങ ഒന്നിന് 80രൂപ  നിരക്കിൽ രസീത് എടുക്കണം. ഇരുമുടിക്കെട്ടിനുള്ള സാധനങ്ങളുമായി എത്തുന്നവർ 150 രൂപയുടെ രസീതെടുത്താൽ ഇരുമുടിക്കെട്ടു നിറച്ച് ശിരസിലേറ്റി നൽകും.*

*(പി.ആർ. ശബരി–77)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 21 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664
www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### *കേന്ദ്രമന്ത്രി പൊൻ രാധാകൃഷ്ണൻ ശബരിമല ദർശനം നടത്തി*

*ശബരിമല: കേന്ദ്ര മന്ത്രി പൊൻ രാധാകൃഷ്ണൻ ശബരിമല ക്ഷേത്ര ദർശനം നടത്തി. ഉച്ച കഴിഞ്ഞ് നാല് മണിയോടുകൂടിയാണ് അദ്ദേഹം സന്നിധാനത്ത് എത്തിയത്.*

*(പി.ആർ. ശബരി–78)*

### *സന്നിധാനത്തും പമ്പയിലും സൗജന്യ ഹോമിയോക്ലിനിക്കുകൾ*

*ശബരിമല: മണ്ഡലകാലവ്രതം നോറ്റ് ശബരീശനെ കാണാനെത്തുന്ന അയ്യപ്പഭക്തൻമാർക്ക് വൈദ്യസഹായം നൽകാൻ പമ്പയിലും സന്നിധാനത്തും സർക്കാർ ഹോമിയോ ക്ലിനിക്കുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാകുന്ന ഈ ഹോമിയോ ക്ലിനിക്കുകളിൽ 4 മെഡിക്കൽ ഓഫീസർമാരുൾപ്പടെ 14 ജീവക്കാർ സേവനം അനുഷ്ഠിക്കുന്നു.*

*ചെങ്കണ്ണ്, ചിക്കൻപോക്സ്, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ തടയുന്നതിനാവശ്യമായ പ്രതിരോധമരുന്നുകൾ ഈ ക്ലിനിക്കുകൾ വഴി വിതരണം ചെയ്തു. സന്നിധാനത്തെ ഹോമിയോ*

ക്ലിനിക്കിന്റെ ചുമതല ഡോ: പി. ആർ. രാധാകൃഷ്ണനും പമ്പയിലെ ക്ലിനിക്കിന്റെ ചുമതല ഡോക്ടർ സജി ജോണും നിർവഹിക്കുന്നു. ഇരു സ്ഥലങ്ങളിലുമുള്ള ക്ലിനിക്കുകളിൽ ഇതുവരെ ആയിരത്തിഇരുനൂറോളം രോഗികൾക്ക് ആവശ്യമായ ചികിത്സയും മരുന്നും ലഭ്യമാക്കി.

(പി.ആർ. ശബരി–79)

മികവുറ്റ പുസ്തകശേഖരവുമായി സന്നിധാനത്തെ ദേവസ്വം ബുക്ക്സ്റ്റാളുകൾ

ശബരിമല: മികവുറ്റ നിരവധി പുസ്തകങ്ങൾ തീർഥാടകർക്ക് ലഭ്യമാക്കുന്ന സന്നിധാനത്തെ ദേവസ്വം ബുക്ക്സ്റ്റാളുകൾ ശ്രദ്ധേയമാകുന്നു. ദേവസ്വംബോർഡിന്റേയും സ്വകാര്യ പ്രസാധകരുടേയും നിരവധി മികച്ച പുസ്തകങ്ങൾ ന്യായവിലയ്ക്ക് ഇവിടെ ലഭിക്കും. സന്നിധാനത്തെ വടക്കേനടയിലാണ് 24 മണിക്കൂറും സേവനം നൽകുന്ന ദേവസ്വം
ബുക്ക്സ്റ്റാളുകൾ പ്രവർത്തിക്കുന്നത്.

ദേവസ്വംബോർഡ് മൂന്ന് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച 'തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ' എന്ന പുസ്തകത്തിനും 'രാമായണ'ത്തിനും ആവശ്യക്കാർ ഏറെയാണ്. തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ' ഒരുവാല്യത്തിന് 400രൂപയാണ് വില. രാമായണം 180 രൂപയ്ക്ക് ലഭിക്കും. സന്നിധാനത്തെത്തുന്ന തീർഥാടകരിൽ ഭൂരിപക്ഷവും അയ്യപ്പന്റെ ചിത്രം പതിച്ച ദേവസ്വംബോർഡിന്റെ മനോഹരമായ ഡയറികളുടെയും പഞ്ചാംഗത്തിന്റേയും ആവശ്യക്കാരാണ്. 150 രൂപയ്ക്ക് എക്സിക്യൂട്ടീവ് ഡയറിയും 60 രൂപയ്ക്ക് പോക്കറ്റ് ഡയറിയും ലഭ്യമാണ്. ജ്യോതിശാസ്ത്ര പണ്ഡിതന്മാരുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള വലിയ പഞ്ചാംഗം 50 രൂപയ്ക്കും ചെറിയ പഞ്ചാംഗം 20 രൂപയ്ക്കും ലഭിക്കും. ഏറെ ജനപ്രീതിയുള്ള ദേവസ്വം കലണ്ടറിന് 30 രൂപയാണ് വില.

ഡോ. അമ്പലപ്പുഴ ഗോപകുമാർ ആഖ്യാനവും കാവാലം ശ്രീകുമാർ പാരായണവും നിർവ്വഹിച്ച പ്രസിദ്ധമായ രാമകഥാസുധ സിഡിയുടെ വില 40 രൂപയാണ്. ശബരിമലയുടെ ചരിത്രം സൂചിപ്പിക്കുന്ന ഡോക്യുമെന്ററി സിഡി 150 രൂപ, 99രൂപ എന്നീ നിരക്കുകളിൽ ലഭിക്കും. ദേവസ്വംബോർഡിന്റെ മുഖപത്രമായ സന്നിധാനം മാസികയുടെ വരിക്കാരാകുന്നതിനുള്ള സൗകര്യവും സ്റ്റാളുകളിലുണ്ട്. ഒരുവർഷത്തേയ്ക്ക് തപാലായി ലഭിക്കാൻ 200 രൂപയാണ് നൽകേണ്ടത്. മൂ

*ന്നുവർഷത്തേയ്ക്ക് 500രൂപയും അഞ്ചുവർഷത്തേയ്ക്ക് 900രൂപയും ആജീവനാന്തം ലഭിക്കാൻ 5000 രൂപയും നൽകണം. തുറവൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ പി.ബി. ഹരിദാസാണ് ദേവസ്വം ബുക്ക്സ്റ്റാളുകളുടെ സ്പെഷ്യൽ ഓഫീസർ. അസിസ്റ്റന്റ് കെ. രവീന്ദ്രൻനായരാണ് സ്റ്റാളുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നത്.*

*(പി.ആർ. ശബരി–80)*


